വൈപ്പിൻ മണ്ഡലത്തിൽ പട്ടികജാതി കോളനികൾ സ്വയം പര്യാപ്തമാക്കുന്ന പദ്ധതി

261 (4547) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികൾ സ്വയം പര്യാപ്തമാക്കുന്ന പദ്ധതി പ്രകാരം വൈപ്പിൻ മണ്ഡലത്തിൽനിന്നും നിർദ്ദേശിക്കപ്പെട്ട കോളനികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോളനികളിൽ നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നേരിടുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(സി) നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2012-13-ൽ പുലയാസ് കോളനിയും 2013-14-ൽ സീ ഷോർ കോളനിയേയുമാണ് തെരഞ്ഞെടുത്തിട്ടുള്ളത്.

(ബി) പുലയാസ് പട്ടികജാതി കോളനിയിൽ പ്രവർത്തനം പുരോഗമിക്കുന്നു.

സീ ഷോർ കോളനിയുടെ നിർവ്വഹണ ഏജൻസിയായ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂറിൽനിന്നും എസ്റ്റിമേറ്റ് ലഭ്യമായിട്ടില്ല. എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ധാരണാപത്രം ഒപ്പുവച്ച് പ്രവർത്തനം ആരംഭിക്കുന്നതാണ്.

(സി) 2015 മാർച്ചിന് മുൻപ് പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ലക്ഷംവീട്, ഐ.എച്ച്.ഡി.പി. കോളനി നിവാസികൾക്ക് പട്ടയം

262 (4548) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലക്ഷം വീട് കോളനികളിലും ഐ. എച്ച്. ഡി. പി. കോളനികളിലും താമസിക്കുന്ന പട്ടയം ലഭിച്ചിട്ടില്ലാത്ത കുടുംബങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ, ഈ പ്രശ്നം പരിഹരിക്കുന്നതിന് പട്ടികസമുദായ ക്ഷേമവകുപ്പ് കൈക്കൊണ്ട നടപടികൾ വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly